# ഗവ എച്ച് എസ് എസ് മാരായമുട്ടം

# ഓണപതിപ്പ്

## (ഡിജിറ്റൽ മാഗസിൻ 2021-22)







# താളുകളിലൂടെ......


ഓണാശംസകളുമായി.............................2 - 4

ഓണം ഇങ്ങനെ കൂടി ആയിരുന്നു...........5 - 6

വീണ്ടും ഒരു ഓണം................................ 7 - 8

ഓണച്ചൊല്ലുകൾ......................................9

പുസ്തകങ്ങളുടെ വിലാപം ....................10

ഓണച്ചൊല്ലുകൾ..............................11 - 12

കാർട്ടൂൺ മത്സരവിജയികൾ.........13 - 19

ഓണപ്പാട്ട് മത്സര വിജയികൾ.....................20

അത്ത പൂക്കളം - മത്സര വിജയികൾ ....21 - 27

ഓണസെൽഫി.........................................28 - 39




# ഓണാശംസകളുമായി.......



**ശ്രീമതി വിഫി മാർക്കോസ്**
**(പ്രിൻസിപ്പൽ ഇൻ ചാർജ്)**

നമ്മൾ മലയാളികൾ ഏറെ സന്തോഷത്തോടെ കാത്തിരിക്കുന്ന ആഘോഷമാണ് ഓണം.ഐശ്വര്യത്തിന്റേയും സമ്പദ് സമൃദ്ധിയുടേയും ആഘോഷം.കള്ളവും ചതിയുമില്ലാത്ത സമൃദ്ധിയും സാഹോദര്യവും നിറഞ്ഞ ആ മാവേലി നാട് നമുക്ക് വീണ്ടും സൃഷ്ടിക്കാം.എല്ലാവർക്കും സ്നേഹം നിറഞ്ഞ, നന്മ നിറഞ്ഞ ഓണാശംസകൾ.

# ഓണാശംസകളുമായി...



**ശ്രീമതി ജാളി**
**( ഹെഡ്മിസ്ട്രസ്സ്)**


സ്നേഹത്തിന്റേയും ഐശ്വര്യത്തിന്റെയും ഉത്സവമാണ് ഓണം. വിളവെടുപ്പിന്റേയും വ്യാപാരത്തിന്റേയും ഉത്സവമായ ഓണം മലയാളികൾക്ക് സത്യവും ധർമ്മവും കൈവിടാതെ നാട് ഭരിച്ചിരുന്ന മഹാബലി ചക്രവർത്തി തന്റെ പ്രജകളെ കാണാൻ എത്തുന്ന ദിവസം കൂടിയാണ്.മഹാമാരികൾ ഇല്ലാത്ത ഐശ്വര്യവും സമൃദ്ധിയും നിറഞ്ഞ നാളുകൾ വീണ്ടും എത്തുമെന്ന പ്രതീക്ഷയോടെ എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.

# ഓണാശംസകളുമായി......



**ശ്രീ ബിജു**
**( സീനിയർ അധ്യാപകൻ)**

"എല്ലാ കൂട്ടുകാർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ"



**ശ്രീമതി ശ്രീകല**
**( SRG കൺവീനർ)**

എല്ലാ പ്രിയപ്പെട്ടവർക്കും സമൃദ്ധിയുടെ, നന്മയുടെ ഓണം ആശംസിക്കുന്നു.സമത്വ സുന്ദരമായ മാവേലി നാടിനായി നമുക്ക് ഒരുമിക്കാം.



**ശ്രീ ബ്രൂസ് രാജ്**
**( സ്റ്റാഫ് സെക്രട്ടറി )**

ഈ പൊന്നോണത്തിന്റെ ഐശ്വര്യവും സമൃദ്ധിയും നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും സന്തോഷകരമായി തീരട്ടെ.എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.



**ഗൗരി ദിപിൻ**
**7B**

# ഓണം ഇങ്ങനെ കൂടി ആയിരുന്നു !

വർഷത്തിലൊരിക്കൽ  ആഘോഷിക്കുന്ന ഓണനാളുകൾ വന്നെത്തിയിരിക്കുന്നു.ഓരോ ഓണവും നമുക്ക് സമ്മാനിക്കുന്നത് സന്തോഷത്തിന്റെ , ആഘോഷത്തിന്റെ ദിനങ്ങളാണ്.ഇന്ന് നാം കാണുന്നതും അറിയുന്നതുമായ ഓണാഘോഷങ്ങളുടെ പിന്നാമ്പുറങ്ങളിൽ നമ്മൾ അറിയാത്ത ചരിത്രസത്യങ്ങൾ  ഒരുപാടുണ്ട്

ചേരമൻ പെരുമാൾ രാജാവ്
ഒരു പക്ഷെ ഈ പേര് നമ്മുടെ കൂട്ടുകാർക്ക് അത്ര അറിവുണ്ടാകില്ല.ഓണമെന്ന് കേട്ടാൽ നമുക്ക് മഹാബലി തമ്പുരാനേയും

അദ്ദേഹത്തിന്റെ ഇതിഹാസവും മായിരിക്കും ഓർമ്മ വരുന്നത്. ചരിത്രകാരൻമാരുടെ അഭിപ്രായമനുസരിച്ച് നാട്ടിൽ ഓണം ആഘോഷിക്കുന്നത് ചേരമൻ പെരുമാൾ എന്ന നാട്ടുരാജാവിന്റെ ഓർമ്മയ്ക്ക് കൂടി വേണ്ടിയാണ്. ' ചേര ' രാജവംശത്തിലെ അവസാന പെരുമാളായ ' ചേരമൻ പെരുമാൾ ' ഒരു ഓണനാളിലാണ് രാജ്യത്തിന്റെ ഭരണം പ്രാദേശിക ഭരണാധികാരികളെ ഏല്പിച്ചു തീർത്ഥാടനത്തിന് ഇറങ്ങിയത്. നല്ലവനായ പെരുമാളിന് ആളുകൾ ഗംഭീരമായ യാത്ര അയപ്പ് നല്കി. എല്ലാ വർഷത്തെയും ഓണനാൾ അദ്ദേഹത്തെക്കൂടി ഓർമ്മപ്പെടുത്തുന്ന ഒരു ദിവസമാണെന്ന് ഒരു കാലം വരേയ്ക്കും വിശ്വസിക്കപ്പെട്ടിരുന്നു.

ഓണക്കാലത്ത് പ്രകൃതിയുടെ മനോഹാരിതയിൽ മഴയ്ക്ക് കൂട്ടായി വയലുകളിൽ ഓണത്തുമ്പിയും , ഓണക്കാലത്ത് മാത്രം നാട് സന്ദർശിക്കാനെത്തുന്ന മഞ്ഞക്കിളിയുമൊക്കെ നാട് സന്ദർശിക്കാനെത്തുന്ന കാലമുണ്ടായിരുന്നു നമുക്ക്. ചുറ്റുമൊന്ന് കണ്ണോടിച്ചാൽ പ്രകൃതി പോലും മനസ്സുകൊണ്ട് ഓണത്തെ വരവേറ്റിരുന്ന ഒരു കാലം ! പറഞ്ഞു കേട്ടതും, വായിച്ചറിഞ്ഞതുമായ മനോഹരമായ ഓണക്കാലം.

----------------



പാർവ്വതി എം
10 F

# വീണ്ടും ഒരു ഓണം

ഇതാ..... വീണ്ടും ഒരു ഓണം വന്നിരിക്കുന്നു.രണ്ടു വർഷമായി കൊറോണ കാരണം നാം വീടിനുള്ളിലാണ്.ഈ സമയത്തൊന്നും ഒരു ആഘോഷവും നടത്തിയിട്ടില്ല.രണ്ടു വർഷം നമുക്ക് നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഒന്നും കളിക്കാതെ, ഒന്നും ആഘോഷിക്കാതെ, ഒന്നും ആസ്വദിക്കാതെ, ഒന്നും അനുഭവിക്കാതെ നഷ്ടപ്പെട്ടിരിക്കുന്നു.

ഈ സമയത്ത് എനിക്ക് ഓർമ്മ വരുന്നത് ഒരു ഓണാനുഭവം ആണ്. ഞാൻ എട്ടാം ക്ളാസിൽ പഠിച്ചിരുന്ന പ്പോൾ സ്കൂളിൽ വച്ച് നടത്തിയ ഒരു ഓണാഘോഷം.ഓണക്കോടി ഉടുത്ത് , കുറച്ചു പൂക്കളും ശേഖരിച്ചു കൊണ്ട് ഞാൻ സ്കൂളിലേക്ക് പോയി. സ്കൂൾ അപ്പോഴൊരു മായാനഗരമായി മാറിക്കഴിഞ്ഞിരുന്നു. ഞാൻ എന്റെ ക്ളാസ്സിലേക്ക് പോയി. ഞങ്ങളും അത്തപ്പൂക്കളം മത്സരത്തിന് ഉണ്ടായിരുന്നു. ഞങ്ങൾ എല്ലാവരും ചേർന്ന് , ശേഖരിച്ച പൂക്കൾ ഉപയോഗിച്ച് അതിമനോഹരമായ ഒരു അത്തപ്പൂക്കളം ഒരുക്കി.അതിനുശേഷം ഓണക്കളികളും മറ്റ് പരിപാടികളുമൊക്കെ ആയിരുന്നു. സ്കൂൾ അങ്കണം ഓണക്കളികൾ കൊണ്ട് നിറഞ്ഞു. അതൊരു ഉത്സവമായി മാറി. അടുത്ത് സദ്യ ആയിരുന്നു. വിഭവസമൃദ്ധമായ സദ്യയായിരുന്നു അത്.

എന്റെ മനസ്സ് നിറച്ച ഒരു ഓണാഘോഷ
മായിരുന്നു അത്. ഹാ ! എന്ത് മനോഹരമായ
ഓർമ്മകൾ.ആ ഓർമ്മകൾ ഇപ്പോഴും
എന്റെ കൺമുന്നിലൂടെ ഓടി മറയുന്നുണ്ട്.
അതിനുശേഷം കൊറോണ വന്നതിനാൽ
എല്ലാം വീടിനുള്ളിൽ തന്നെ. വീടിന്റെ
അകത്തളത്തിൽ നിന്ന് ഓണം
ആഘോഷിച്ചു. പക്ഷേ അതൊന്നും എന്റെ
മനസ്സിനെ സ്പർശിച്ചില്ല. ഇനി ഈ
കൊറോണ യൊക്കെ മാറി ഉണർവ്വുള്ള ഒരു
ഓണം ആഘോഷിക്കാനാവും എന്നുള്ള
ശുഭാപ്തി വിശ്വാസം എനിക്കുണ്ട്



**ഗൗരി ദിപിൻ**
**7B**

# ഓണച്ചൊല്ലുകൾ

* അവിട്ടക്കട ചവിട്ടി പൊട്ടിക്കണം
* ഓണമുണ്ട വയർ ചൂളം പാടും
* കാണം വിറ്റും ഓണം ഉണ്ണണം
* അത്തം പത്തിന് പൊന്നോണം
* ഓണം വന്നാലും ഉണ്ണി പിറന്നാലും<br>കോരന് കഞ്ഞി കുമ്പിളിൽ തന്നെ
* അത്തം കറുത്താൽ ഓണം വെളുക്കും
* ഓണത്തിനല്ലയോ ഓണപ്പുടവ
* തിരുവോണം തിരുതകൃതി
* ഓണത്തിനിടയ്ക്ക് പുട്ട് കച്ചവടം.

* ഓണത്തിന് ഉറുമ്പും കരുതും
* അത്തം പത്തോണം
* ഓണം കഴിഞ്ഞാൽ ഓലപ്പുര
  ഓട്ടപ്പുര
* ഉള്ളത് കൊണ്ട് ഓണം പോലെ
* ഉത്രാടം ഉച്ചയാകുമ്പോൾ
  അച്ചിമാർക്ക് വെപ്രാളം
* അത്തം ചിത്തിര ചോതി.
  അന്തിക്കിത്തറ വറ്റ്
  അതികൂട്ടാൻ താള്.
  അമ്മേടെ മുഖത്തൊരു കുത്ത്




ആർദ്ര
10 G

# പുസ്തകങ്ങളുടെ വിലാപം

എന്നിലെ ഞാനെന്ന പുസ്തകം
വെറുമൊരു കടലാസ് മാത്രമായി മാറിടുന്നു
വ്യർത്ഥമാകുന്ന എൻ പാഠങ്ങളെല്ലാമെ
ചിറകറ്റു മനസ്സിൽ പതിച്ചിടുന്നു
വായനാശാലതൻ അറകളിലെന്നുമൊ-
രലങ്കാര വസ്തുവായ് മാറിടുന്നു
അന്ധകാരത്തിൽ അന്തകനായ ഞാൻ
അകലുന്നു ദൂരെ വിദൂരതയിൽ
അറിവിന്റെയനന്തമാം ഉൾക്കാഴ്ച നല്കുവാൻ
തരികെനിക്കവസരം ഒരുതവണ നീ
മർത്യമനസ്സിൻ സ്പന്ദനം അറിയുവാൻ
തരികെനിക്കവസരം ഒരു തവണ കൂടി
തൂലികതൻ മൂർച്ചയിൽ ജനിച്ചൊരീ ഞങ്ങളെ
ഒരുവേളയെങ്കിലും സ്വീകരിക്കൂ
അറിയുന്നു എന്നിൽനിന്നെരിയുന്നു വിലാപം
തരികെനിക്കവസരം ഒരുതവണ നീ

.........................



**ആർച്ച എസ് നായർ**
**9 B**

# ഓണച്ചൊല്ലുകൾ

- അത്തം പത്തിന് പൊന്നോണം
- ഓണം പോലെയാണ് തിരുവാതിര
- ഓണത്തിനിടയ്ക്കോ പുട്ടുകച്ചവടം
- ഓണം മുഴക്കോല് പോലെ
- ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര
- ഓണം കേറാമൂല
- അത്തം കറുത്താൽ
  ഓണം വെളുക്കും
- ഓണത്തേക്കാൾ വലിയ മകമുണ്ടോ ?
- കാണം വിറ്റും ഓണം ഉണ്ണണം
- ഓണത്തിന് ഉറുമ്പും കരുതും
- ഓണമുണ്ട വയർ ചൂളം പാടും
- ഉണ്ടെങ്കിൽ ഓണം ഇല്ലെങ്കിൽ പട്ടിണി
- ഉത്രാടം ഉച്ചയാകുമ്പോൾ
  അച്ചിമാർക്ക് വെപ്രാളം



# കാർട്ടൂൺ രചന മൽസരം
## വിഷയങ്ങൾ

**UP** വിഭാഗം

**"കൊറോണക്കാലം"**

**HS** വിഭാഗം

**"മഹാബലി ഓൺലൈൻ ക്ലാസിൽ"**

**HSS** വിഭാഗം

*****കോവിഡ് കാലത്തെ ഓണാഘോഷം*****

# കാർട്ടൂൺ മത്സരവിജയികൾ

## യു പി വിഭാഗം

**കാർട്ടൂൺ രചന**


**UP SECTION: FIRST PRIZE**




GOWRI DIPIN 7B

# കാർട്ടൂൺ രചന

**UP SECTION: SECOND PRIZE**




DEVANANDA.R 5C

# കാർട്ടൂൺ മത്സരവിജയികൾ

## ഹൈസ്കൂൾ വിഭാഗം

**കാർട്ടൂൺ രചന**

**HS SECTION: FIRST PRIZE**




HRITHIK H IX G

# കാർട്ടൂൺ രചന


## HS SECTION: SECOND PRIZE



ARDRA X G

# കാർട്ടൂൺ രചന

## HS SECTION: SECOND PRIZE




VAISHNAV M VIII D

# കാർട്ടൂൺ മത്സരവിജയികൾ

## ഹയർസെക്കൻഡറി വിഭാഗം

### കാർട്ടൂൺ രചന

**HSS SECTION: FIRST PRIZE**



ALEENA A

XI HUMANITIES

# ഓണപ്പാട്ട് മത്സരം - വിജയികൾ

## <u>യുപി വിഭാഗം</u>

അനശ്വര കെ ജെ 6C - ഫസ്റ്റ്
അസ്ന ആർ സനൽ 6 B - സെക്കന്റ്

## <u>ഹൈസ്കൂൾ വിഭാഗം</u>

ആദിത്യ എസ് എസ് 10F - ഫസ്റ്റ്
ദേവിക ആർ എസ് 9 F - സെക്കന്റ്

## <u>ഹയർസെക്കൻഡറി വിഭാഗം</u>

ഹരിപ്രിയ എസ് നായർ - ഫസ്റ്റ്
(+2 സയൻസ്)

# അത്തപൂക്കള
# മത്സര വിജയികൾ



# യുപി വിഭാഗം



**വൈഗ**

**6B - ഫസ്റ്റ്**



കാവ്യശ്രീ

6B- സെക്കന്റ്

# ഹൈസ്കൂൾ വിഭാഗം




**ഷിൻസി എസ് എസ്**
**8G - ഫസ്റ്റ്**




**അമൃത എം ആർ**
**8E - സെക്കന്റ്**

# <u>ഹയർസെക്കൻഡറി വിഭാഗം</u>




**ഗിരി കൃഷ്ണ**

**+1 Science - ഫസ്റ്റ്**




കാവ്യ എ
+1 Humanities - സെക്കന്റ്

# ഓണസെൽഫി



# യുപി വിഭാഗം



**അനശ്വര**

**6C - ഫസ്റ്റ്**



**അദ്വൈത എസ് പി**
**5B - സെക്കന്റ്**



നിരഞ്ജൻ എസ് പി
6B - സെക്കന്റ്

# ഹൈസ്കൂൾ വിഭാഗം



**ശ്രീകാർത്തിക്**

**9F - ഫസ്റ്റ്**



അവനിബാല
9F - സെക്കന്റ്



ജിൻസി
8F - സെക്കന്റ്



**ദേവിക**

**9D - തേർഡ്**




**ആദർശ് എസ്**

**8B - തേർഡ്**

# ഹയർസെക്കൻഡറി വിഭാഗം




**അശ്വതി എച്ച് എം**

**Humanities - ഫസ്റ്റ്**



**ഗിരി കൃഷ്ണൻ**
**+1 Science - സെക്കന്റ്**

# അധ്യാപകരുടെ സെൽഫി



ഹെഡ്മിസ്ട്രസ്സ് ജാലി
ടീച്ചറും കുടുംബവും.....

Prepared By

Little Kites

GOVT HSS MARAYAMUTTOM